# Deepika

# 24 August 2018

# Kochi: Relief



## ദുരിതാശ്വാസ പ്രവർത്തകരായ കുസാറ്റ് വിദ്യാർഥികൾക്ക് ഗ്രേസ്മാർക്ക്

കൊച്ചി: പ്രളയദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കാളികളായ കൊച്ചി സർവകലാശാലയിലെ വിദ്യാർഥികൾക്ക് സർവകലാശാല പരീക്ഷകളിൽ ആനുപാതികമായ ഗ്രേസ്മാർക്ക് അനുവദിക്കുമെന്ന് വൈസ് ചാൻസലർ ഡോ.ജെ. ലത അറിയിച്ചു. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കാളികളായ വിദ്യാർഥികളെയും സർവകലാശാല ഉദ്യോഗസ്ഥരെയും സെപ്റ്റംബർ ആദ്യവാരം സംഘടിപ്പിക്കുന്ന ചടങ്ങിൽ ആദരിക്കുമെന്നും ഡോ.ജെ. ലത പറഞ്ഞു.

പറവൂർ, കൂനമ്മാവ്, വരാപ്പുഴ, ആലുവ, കളമശേരി തുടങ്ങി ജില്ലയുടെ വിവിധ മേഖലകളിൽ നിന്നായി 2459 പേരാണ് കൊച്ചി സർവകലാശാലയിലെ പത്തു ക്യാമ്പുകളിൽ അഭയം തേടിയത്. സ്കൂൾ ഓഫ് എൻജിനിയറിംഗ്, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ട്മെന്റ്, ഷിപ്പ് ടെക്നോളജി ഡിപ്പാർട്ട്മെന്റ്, സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എന്നിവിടങ്ങളിലായി പത്തു ക്യാമ്പുകൾ കുസാറ്റിൽ ക്രമീകരിച്ചു. ഇവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലും ഭക്ഷ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിലും ഇവിടുത്തെ വിദ്യാർഥികൾ സദാ സേവനസന്നദ്ധരായിരുന്നു. ഇതുവരെ ആയിരത്തോളം പേർ ക്യാമ്പുകളിൽനിന്നു വീടുകളിലേക്ക് മടങ്ങി.